**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2826** **25-06-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ തുടങ്ങാൻ പോകുന്ന കാർഷിക കോളേജിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വികസനവകുപ്പിന് കീഴിൽ തുടങ്ങാൻ പോകുന്ന കാർഷിക കോളേജിന്റെ പ്രവൃത്തി നിർവ്വഹണം ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി വിദ്യാർത്ഥികൾക്കായി പാലക്കാട്, നെന്മാറ കാർഷിക കോളേജ് ആരംഭിക്കുന്നതിനായി കൊല്ലംകോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിന് 17 കോടി രൂപയോളം ആവശ്യമാണെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് ഉപ-ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും കെട്ടിടം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ധനകാര്യ ഏജൻസികളുമായി ബന്ധപ്പെട്ട് കണ്ടെത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കാനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | 2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ പ്രസ്തുത കോളേജ് നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ? | (ബി) | പട്ടികജാതി വിദ്യാർത്ഥികൾക്കായി പാലക്കാട്, നെന്മാറ കാർഷിക കോളേജ് ആരംഭിക്കുന്നതിനായി കൊല്ലംകോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിന് 17 കോടി രൂപയോളം ആവശ്യമാണെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് ഉപ-ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും കെട്ടിടം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ധനകാര്യ ഏജൻസികളുമായി ബന്ധപ്പെട്ട് കണ്ടെത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കാനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ